# ഗവ: ഹയർ സെക്കന്ററി സ്കൂൾ

## ബേത്തൂർ പാറ

വട്ടംതട്ട പി.ഒ , 11055

# കയ്യൊപ്പ്

ഡിജിറ്റൽ മാഗസീൻ 2019-20

# ഗവ:ഹയർ സെക്കന്ററി സ്കൂൾ

## ബേത്തൂർ പാറ

വട്ടംതട്ട പി.ഒ , 11055

# കയ്യൊപ്പ്

സ്റ്റാഫ് എഡിറ്റർ : രാധകൃഷ്ണൻ നായർ.കെ

സ്റ്റുഡന്റ് എഡിറ്റർ : ഇബ്രാഹിം ബാദുഷ

ഡിജിറ്റൽ മാഗസീൻ 2019-20

**ഉള്ളടക്കം**

പ്രളയം കടന്ന ഈ ജീവിത പാതയിലേക്ക്.......................................................................................2
പ്രളയമാകുന്ന കേരളം........................................................................................................................4
പ്രകൃതി ചൂഷണവും കാലാവസ്ഥ വ്യതിയാനവും പ്രകൃതിയെ നാമെന്തു ചെയ്തു.......?....................................7
അതിജീവത്തിനൊതുങ്ങിയ പ്രകൃതിമാത.................................................................................................9
പ്രകൃതിയില്ലെങ്കിൽ നാമില്ല...............................................................................................................10
കനവത്ത്.........................................................................................................................................11
കണ്ണീർ തോർന്ന തീർന്ന രാത്രി..........................................................................................................12
തീരാ ദു:ഖം......................................................................................................................................13
അമ്മയാണ് പ്രകൃതി..........................................................................................................................15
കണ്ണീർ തോർന്ന തീർന്ന രാത്രി..........................................................................................................17
തീരാ ദു:ഖം......................................................................................................................................18

**പ്രളയം കടന്ന ഈ ജീവിത പാതയിലേക്ക്**

*ഓർക്കുന്നു ഞാനിന്ന്*

എൻ പഴയനാടിനെ....
പണ്ടുള്ള കേരളത്തിന്റെ ഭംഗി
ഇന്നു ഞാനോർക്കുന്നു മാതാവിനെ...
മധുരമേറുന്ന ഗാനങ്ങൾ കേൾക്കുവാൻ
ഇന്നു ഞാൻ കൊതിക്കുന്നവല്ലോ.
വൻ മരങ്ങൾ വളർന്നുവലുതായി
നാടിന്നു തണലായി കാത്തിടുന്നു.......
അരുവികൾ കളകളം ഒഴുകുന്ന ശബ്ദം
ഇന്നു ഞാനോർക്കുമ്പോൾ......



ഭൂമിയുടെ ദാഹം നമ്മളറിയാതെ..
പാഴാക്കുന്നു നാം ജലത്തുള്ളിയെ......
ജീവന്ന വേണ്ടി കരയുന്ന.
കുഞ്ഞിന്റെ ശബ്ദം.....
മുറിവേൽപ്പിക്കുന്നു എൻ മനസ്സിനെ
പിന്നൊരിക്കൽ എല്ലാറ്റിനെയു വിറപ്പിച്ച്
വന്നുവാ ദുഷ്ടനാം പ്രളയം......
പ്രളയക്കെടുതിയിൽ ജീവൻ വെടിഞ്ഞ
നന്മയുള്ളവരുടെ സ്മരണകൾ
എന്നും പ്രധിദ്വനിക്കും നമ്മുടെ നാട്ടിൽ......

ഉണരു.....നീ ഇന്ന്
അതിജീവനത്തിലേക്ക്...........

*സപ്തവർണ്ണത്തിൽ നൃത്തമാടുന്ന*

*പ്രകൃതിയും ജീവനും....*

*താണ്ടമാടുന്ന പ്രകൃതിമാതാവിന്റെ*

*മനസ്സ നീ അറിയുക മർത്യ........*

*ജനകോടികൾക്ക് പ്രകൃതി മാതാവ്*

*അരുണ സൂര്യനെ തൊട്ടുണർത്തുന്ന മായാലാവണ്യം.....*

*ഇനി ഉണരുക ഭാരതമാതാവേ......*

*തിരിച്ചുവരുന്ന...ഈ നന്മ ഭൂമിയിലേക്ക്.........*



**പ്രളയമാകുന്ന കേരളം**



പ്രകൃതിയെ കൊല്ലുന്ന
പ്രളയം വന്നെത്തി
ദാഹനീരുറവകൾ വറ്റിവരണ്ടു
ഇന്നാണെങ്കിൽ പ്രളയം
ദാഹനീരുറവകളെ കൊണ്ടുപോയി
കുന്നിടിച്ചും വയൽ നികത്തിയും
പ്രകൃതിയെ ചൂഷണം ചെയ്യരുത് ......

ഓർക്കുന്നു ഞാനെന്റെ കേരളനാടിനെ
ഹരിതമാം മാതാവിനെ..............
വാർമഴവില്ലിൻ സപ്ത പുടവകൾ ചുടിയ
തണലായി നിറയുന്ന നാടിനേ........
പ്രളയക്കെടുതിയിൽ ജീവൻ നിലച്ച
അമ്മതൻ നിലവിളി ഞാൻ ചെവിയോർക്കുന്നു......
അമ്മയുടെ കരുണതൻ മുലപ്പാൽ കുടിവന്
ഒടുങ്ങാത്ത ദാഹം അമ്മതൻ രക്തം കുടിക്കാൻ.......
കുന്നുകളിടിച്ച വൃക്ഷങ്ങൾ വെട്ടിയും
വധിച്ച മാതാവിനെ ഇഞ്ചിഞ്ചായി മർത്യൻ........

അതിജീവനത്തിന്റെ പാതയിൽ നിൽക്കുന്ന ,
കേൾക്കുക നിങ്ങൾ മാനവരേ....
കേരളം നമ്മുടെ അമ്മയാണ്........
കേരളത്തിലെ സർവജീവജാലങ്ങൾക്കും,
അവകാശമാണി കേരളത്തെ
സംരക്ഷിക്കു,എന്നു പ്രകൃതിയെ...
മാനവരേ..... ഉണരുക നിൻ മിഴികൾ.....

തിരികേവരൂ.....നിങ്ങൾ തിരികേവരൂം....

പ്രകൃതിതൻ പച്ചപ്പിലേക്ക്...............



**പ്രകൃതി ചൂഷണവും കാലാവസ്ഥ വ്യതിയാനവും**


**പ്രകൃതിയെ നാമെന്തു ചെയ്തു.......?**



'ദൈവങ്ങളുടെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം ഇന്ന് വെറും തരിശുഭൂമിയായിമാറികൊണ്ടിരിക്കുകയാണ് മനുഷ്യൻ പ്രകൃതിയിൽ നിന്നും വിഭിന്നനാണെന്നുള്ള സങ്കൽപമാണ്.

ഇന്നുള്ളത് ഇതുകൊണ്ടാണ് നാം മനുഷ്യർ പ്രകൃതിയിലെ സമ്പത്തായ മരങ്ങൾ മുറിച്ചു മാറ്റുന്നത്. പ്രകൃതിവിഭവങ്ങൾ നമ്മൾ മനുഷ്യൃക്ക്മാത്രമുള്ളതമല്ല. മറിച്ച് അത് ഭൂമിയിലെ മറ്റു ജീവീജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. പ്രകൃതിവിഭവങ്ങൾ നാം പങ്കെടുക്കുകയാണ് വേണ്ടത്.

പ്രകൃതിചൂഷണവും മാനവരാശിക്ക് കേടുപാടുകൾ ഉണ്ടാക്കുന്നവയാണ്.



പ്രകൃതി എന്തുകൊണ്ടാണ് നശിക്കുന്നത്? ആരാണ് ചെയ്യുന്നത് എന്നുള്ള ചോദ്യത്തിന് ഒരുത്തരം മാത്രമേ ഉണ്ടാകൂ. മനുഷ്യർ അല്ലെങ്കിൽ മനുഷ്യരുടെ പ്രകൃതിയിലെക്കുള്ള കടന്നുകയറ്റം. ലോകത്തിൽ ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി മാറികഴി- ഞ്ഞു. നമ്മുടെ കേരളവും പ്ലാസ്റ്റിക്കുകൾ കത്തിക്കുന്നതിലൂടെ ഓസോൺപാളി- ക്ക് വിള്ളലുകളുണ്ടാവും. അത് മനുഷ്യനെ തന്നെ ബാധിക്കുകയും ചെയ്യും.

പ്രകൃതിയെ ഏറ്റവും കൂടുതൽ ചൂഷണവും ചെയ്യുന്നതിൽ പ്രധാന പങ്ക് പ്ലാസ്റ്റിക്കിനാണ്. ജൈവ വിഘടനത്തിന് വിധേയമാക്കിന്നില്ല എന്നാണ്.

***പ്ലാസ്റ്റിക്കിനകത്തെ ന്യൂനത. യന്ത്രസാമഗ്രികളുടെ അമിതോപയോഗം പ്രകൃതിയിൽ വരുത്തുന്ന മാറ്റങ്ങൾ ചെറുതല്ല. അത് പ്രകൃതിയുടെ അടിത്തറയെ ഇളക്കിമറിക്കുന്നതാണ്***


***കുന്നിടിക്കൽ, മരംമുറിക്കൽ, വയൽ നികത്തൽ തുടങ്ങിയവ മനുഷ്യർ പ്രകൃതിയെ ചുഷണങ്ങൾക്കു ഫലമായി കാലാവസ്ഥാ വ്യതിയാനവും ഉണ്ടാകുന്നത്. ഇതിന്റെ ഫലമായാണ് നൂറ്റാണ്ടുകൾക്ക് മുമ്പ് വന്ന മഹാ പ്രളയത്തിനു ശേഷം 2018-ൽ വിണ്ടും പ്രളയം കേരളത്തെ വിഴുങ്ങിയത്. 2019-ലും ഇത് ആവർത്തിക്കുകയുണ്ടായി. ഇത് മനുഷ്യനൊരു പാഠമാണ്. ഉഗ്രതാണ്ഡവ മാടിയ പ്രളയത്തിന്റെ നേർക്കാഴ്ച്ച മനുഷ്യർ ഭീതിയോടെ ഒന്നു കുടി ഓർത്തെടുക്കുകയാണ്.***

***പ്രകൃതിചുഷണവും കാലാവസ്ഥവ്യതിയാനവും പൂർണ്ണമായി തുടച്ചുനീക്കാൻ നമുക്കൊറ്റകെട്ടായി കൈകോർക്കാം. ഇത് നമ്മുടെ ഭാവിതലമുറയ്ക്കും കുടി പ്രയോജനമുള്ളതാകട്ടെ................***



**അതിജീവത്തിനൊതുങ്ങിയ പ്രകൃതിമാത**

*ഭൂമിദേവിയുടെ ശിരസിലൂടെ പെയ്തിറങ്ങി*
*ചുടല മഴ..... അതി ശക്തിയായി പെയ്തിറങ്ങി*
*എങ്ങ് നിന്നോ എത്തിയ മേഘരാജാവ്*



പൊടിത്തെറിച്ച് കടന്നു പോയി
മലയാളി തൻ സമ്പത്ത് ചോർന്നു പോയി
കർഷകൻ തന്നുടെ പ്രാണൻ വെടിച്ചു
ഉറ്റവരും ഉടയവരും നഷ്ടമായി
വീടും മറന്നു നാടും മറന്നു ഭാവി-
നാഴളിൽ ഏകയായി.......
ധൂർത്തടിച്ചു നടന്നവരെല്ലാം
സഹായത്തിനായി കേണപേക്ഷിച്ചു .

പാവമാം മത്സ്യത്തൊഴിലാളികൾ
കരുണക്കാതുജിച്ചും രക്ഷനേടി
പ്രകൃതി മാത അനുഗ്രഹിച്ചു.
പ്രകൃതിയാം മാത കനിവു കാട്ടി
മഴവെള്ളപ്പാച്ചിൽ തടഞ്ഞുനിർത്തി
അതിവനത്തിനായി പൊരുതി നിന്നു.

## പ്രകൃതിയില്ലെങ്കിൽ നാമില്ല



മനോഹാരിത വിളിച്ചോതുന്ന  നമ്മുടെ കൊച്ചുപ്രകൃതിയെ മനുഷ്യർ അമിതമായി  ചൂഷണം ചെയ്യുന്നു. പ്രകൃതിയിലെങ്കിൽ നാമില്ല.മനുഷ്യന്റെ അമിതമായ ഇടപ്പെടൽ കാരണം പ്രകൃതി നശിച്ചുപോകുന്നു .    മനുഷ്യരുടെ അമിത ഇടപെടുലുകൾ മറുപടിയാണ് പ്രകൃതി നൽകിയ  ഓഖിയും പ്രളയവും.കുന്നിടിച്ചും പാറപ്പൊട്ടിച്ചും മരങ്ങൾ മുറിച്ചും വയൽ നശിപ്പച്ചുമൊക്കെ പ്രകൃതിയെ ചൂഷണ ചെയ്യുന്നു. ഇതിനൊക്കെയുള്ള തിരിച്ചടിയാണ് പ്രകൃതിദുരന്തങ്ങൾ.

***ഇതിൽ നിന്നുമൊക്കെ വളരെ വ്യത്യാസമായിരുന്നു പണ്ട് കാലത്ത്. അന്ന് അക്കാലത്തെ മനുഷ്യർ പ്രകൃതിയെ സ്നേഹിച്ചിരുന്നു. നമുക്ക് പ്രകൃതി പല വസ്തുക്കളും നൽകുന്നുണ്ട്. അന്നത്തെ കാലത്തെ ജനങ്ങൾ അതൊക്കെ ഉപയോഗിച്ചിരുന്നു . എന്നാൽ ഇപ്പോൾ നല്ല കൃത്രിമ വസ്തുക്കൾ കടയിൽ നിന്ന് ലഭിക്കുമ്പോൾ പ്രകൃതിവിഭവങ്ങളെ മറക്കുന്നു.***

**കനവത്ത്**

വിത്ത് മുളച്ച് കതിര് വന്ന
ആഘോഷമാം കാലം വന്നുചേർന്നു
വന്നെത്തിയെന്നുമാം കൊയ്ത്ത് കാലം



ആ കാലമൊക്കെ മറന്നു നമ്മൾ,
പച്ചപടർപ്പിൽ കരച്ചിലായി
വേദന എങ്ങും ഉണങ്ങാത്തനായി
വന്നു ആ ഭീകര പ്രളയകാലം



വീടുകൾ ,പാടം ,കൃഷിസ്ഥലങ്ങൾ,
തോട്ടം, പുഴകളും, മലനിരകളും
അന്ധകാരത്തിന്റെ  ഈണമായി
വന്നു ആ ഭീകര പ്രളയ കാലം

സുന്ദര പച്ചപ്പ് വാടിയെങ്ങും
തേങ്ങലിൽ ബാക്കിയായ് കേരളവും
അതുവരെ  നിറയാത്ത ആ മിഴികൾ
അന്നൊരാ നാളിൽ  നിറഞ്ഞു പോയി
സുന്ദര സ്വപ്നങ്ങൾ തേഞ്ഞ് മാഞ്ഞു.



ഉയർന്നെഴുന്നേൽപ്പിന്റെ നാദമായി
ഒറ്റതടിയായ് പൊരുതി നമ്മൾ
കൊയ്ത്ത് കാലത്തിന്റെ താളവുമായ്
വീണ്ടുമെത്തുന്നൊരാ നല്ല കാലം........





നിറമേകി അലയുന്ന സ്വപ്നങ്ങളൊക്കെയും
വീണ്ടുമൊരു താളമായ് വന്ന് ചേർന്നു
പ്രളയം കടന്നൊരു ജീവിതപാതയിൽ
'കനവത്ത്'' എല്ലാരുമൊത്ത് ചേർന്നു

## കണ്ണീർ തോർന്ന തീർന്ന രാത്രി

നെല്ലും വയലും പുഴയും മലകളും
എല്ലാമെങ്ങോ മറഞ്ഞുപോയി
പുസസ്തകമില്ലാ വീടുമില്ലാ എല്ലാമെങ്ങോ മാഞ്ഞുപോയി

ഈ ലോകനാഥനാം ദൈവത്തിനെ
അറിയാതെ ഞാനൊന്ന് തൊഴുതുപോയി
അത് വരെ നിറയാത്ത എൻമിഴികൾ
അന്നൊരു നാളിൽ നിറഞ്ഞു പോയി
ടാറിട്ട റോഡിലും വറ്റിയ പുഴയിലും
എല്ലായിടത്തും ജലധാര മാത്രം
ആ നേരം ഏതോ ദൈവം വന്നെന്നെ
കോരിയെടുത്തങ്ങു കൊണ്ടു പോയി





ഏതോ സ്കൂളിന്റെ വാതിൽക്കലെന്നെ
നിർത്തിയിട്ടങ്ങു മറഞ്ഞു പോയി
ആ രാത്രി എന്റെ മിഴി രണ്ടിലും
കണ്ണീർ മെല്ലെ തോർന്നിരുന്നു

ഇന്നുമാ നാളിനെ എപ്പോഴും ഞാൻ
എന്റെ ഓർമയിൽ വെച്ചിടുന്നു
ഇനിയൊരാ പ്രളയം വരാതിരിക്കാൻ
ഒന്നുചേരാം നമുക്കൊന്നു ചേരാം
നാളേക്കു വേണ്ടി ഒന്നുചേരാം.

ആ കാലം പോയി മറന്നുവല്ലോ
സുന്ദര സ്വപ്നങ്ങൾ വന്നുവല്ലോ



# തീരാ ദു:ഖം

പ്രളയം വന്നുപോയ് കേരളത്തിൽ

നാമിതാ അതിജീവിച്ചു വരുന്നു

നാനാജാതി മതസ്ഥരെയും കോർത്തു പ്രളയം

നാം തന്നെ ഉണ്ടാക്കുന്നതാണിത്

പ്രകൃതിയുടെ ക്ഷോഭം തീർക്കലാണിത്

നാം അറിയുക നാം തന്നെ ചെയ്യുന്നതാണിത്

ഇല്ല മറക്കില്ല പ്രകൃതി ഒരിക്കലും

നാം ചെയ്യുന്ന ദുഷ്പവൃത്തികൾ

നമ്മുടെ ജീവൻ കാക്കണമെങ്കിൽ

കുറയ്ക്കുക ദുഷ്പവൃത്തികൾ

കൂട്ടുക സൽപ്രവൃത്തികൾ

രണ്ടുവട്ടമായി നമ്മെ കൊല്ലുന്നു പ്രളയം

രക്ഷിക്കാനായി മത്സ്യത്തൊഴിലാളികളും

സ്വന്തം ചുമലിനെ കാണിച്ചുകൊടുക്കുന്നവർ

അവർ നല്ലവരായവർ

ഇന്നേരത്തുപോലും രാഷ്ട്രീയ പോര് നടത്തുന്ന

രാഷ്ട്രീയക്കാരുമുണ്ടിവിടെ



കവളപ്പാറയും പുത്തുമലയും

തോരാക്കെടുതിയായി

ഉരുൾപ്പൊട്ടലിൽ

അകപ്പെട്ടുപോയി

മർത്ത്യൻ ഉടുതുണിയില്ലാതലഞ്ഞു

പ്രളയത്തിൽ ഒലിച്ചുപോയവർക്കായി

നമുക്ക് പ്രാർത്ഥിക്കാം

അന്ത്യബാഷ്പ്പങ്ങളർപ്പിക്കാം

<u>**അമ്മയാണ് പ്രകൃതി**</u>

അതിമനോഹരമായ ഈ കൊച്ചു പ്രകൃതിയെ നാം ഓരോരുത്തരും ചൂഷണം ചെയ്ത് കൊണ്ടിരിക്കുന്നു.സർവ്വജീവജാലങ്ങൾക്കും ജീവൻ ഏകി നമ്മെ സംരക്ഷിക്കുന്ന അമ്മയാണ് പ്രകൃതി.



പ്രകൃതി ഇല്ലെങ്കിൽ നാം ഇല്ല. നമ്മുടെ നാട്ടിൽ ഇപ്പോൾധാരാളമായി കാണുന്നത് പ്രകൃതിചൂഷണമാണ്. പ്രകൃതി ചൂഷണമെന്നു വച്ചാൽ പ്രകൃതിയിലെ സർ വ്വചരാചരങ്ങളുടെയും



നാശത്തിന് കാരണമാകുന്ന ഒന്നാണ്. സർ വ്വജീവജാലങ്ങളും വസിക്കുന്നത് പ്രകൃതിയിലാണ്. മനുഷ്യരുടെ ക്രൂരമായ  പ്രവര്ത്തനം കൊണ്ടാണ് ഇന്ന് പ്രകൃതി നശിക്കുന്നത്. പ്രകൃതിയെ ക്രൂരമായി ചൂശണം ചെയ്യുന്നതിനെതിരായി  കാലം മനുഷ്യന് പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്നു.


_____**ആദിമനുഷ്യൻ പ്രകൃതിയെ സംരക്ഷിടച്ചിരുന്നു. നേരെ തിരിച്ച് ഇന്ന് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു.  നാം ചെയ്യുന്ന ചൂഷണത്തിന്റെ ഫലമായി  പ്രകൃതി തന്നെ നമ്മൾക്ക് മുന്നറിയിപ്പ് തരുന്നു. മുൻപ് കാലാവസ്ഥയ്ക്കനുസരിച്ചാണ് പ്രകൃതിയിൽ ഓരോ മാറ്റവും സംഭവിക്കുന്നത്. ഇന്ന് നാം പ്രകൃതിയെ ക്രൂരമായി മർദ്ദിക്കു-**

ന്നതിന്റെ ഫലമായി  പ്രളയം , കൊടുങ്കാറ്റ് എന്നിങ്ങനെഓരോ ദുരന്തങ്ങളുണ്ടാകുന്നു.ഭൂമിയുടെ വരദാനമായ കുന്നും മരങ്ങളും മനുഷ്യനശിപ്പിച്ചിരിക്കുന്നു.മനുഷ്യൻ ഇനിമുതൽ പ്രകൃതിയെ സംരക്ഷിക്കണം.അത് നമ്മുടെ കടമയായി കരുതണം.


## കണ്ണീർ തോർന്ന തീർന്ന രാത്രി

നെല്ലും വയലും പുഴയും മലകളും
എല്ലാമെങ്ങോ മറഞ്ഞുപോയി
പുസ്തകമില്ലാ വീടുമില്ലാ എല്ലാമെങ്ങോ മാഞ്ഞുപോയി

ഈ ലോകനാഥനാം ദൈവത്തിനെ
അറിയാതെ ഞാനൊന്നു തൊഴുതുപോയി
അതു വരെ നിറയാത്ത എൻമിഴികൾ
അന്നൊരു നാളിൽ നിറഞ്ഞു പോയി



ടാറിട്ട റോഡിലും വറ്റിയ പുഴയിലും
എല്ലായിടത്തും ജലധാര മാത്രം
ആ നേരം ഏതോ ദൈവം വന്നെന്നെ
കോരിയെടുത്തങ്ങു കൊണ്ടു പോയി



ഏതോ സ്കൂളിന്റെ വാതിൽക്കലെന്നെ
നിർത്തിയിട്ടങ്ങു മറഞ്ഞു പോയി
ആ രാത്രി എന്റെ മിഴി രണ്ടിലും
കണ്ണീർ മെല്ലെ തോർന്നിരുന്നു

ഇന്നുമാ നാളിനെ എപ്പോഴും ഞാൻ
എന്റെ ഓർമയിൽ വെച്ചിടുന്നു
ഇനിയൊരാ പ്രളയം വരാതിരിക്കാൻ
ഒന്നുചേരാം നമുക്കൊന്നു ചേരാം
നാളേക്കു വേണ്ടി ഒന്നുചേരാം.

ആ കാലം പോയി മറന്നുവല്ലോ
സുന്ദര സ്വപ്നങ്ങൾ വന്നുവല്ലോ



## തീരാ ദു:ഖം

**പ്രളയം വന്നുപോയ് കേരളത്തിൽ**
**നാമിതാ അതിജീവിച്ചു വരുന്നു**
**നാനാജാതി മതസ്ഥരെയും കോർത്തു പ്രളയം**
**നാം തന്നെ ഉണ്ടാക്കുന്നതാണിത്**
**പ്രകൃതിയുടെ ക്ഷോഭം തീർക്കലാണിത്**
**നാം അറിയുക നാം തന്നെ ചെയ്യുന്നതാണിത്**
**ഇല്ല മറക്കില്ല പ്രകൃതി ഒരിക്കലും**
**നാം ചെയ്യുന്ന ദുഷ്പ്രവൃത്തികൾ**

നമ്മുടെ ജീവൻ കാക്കണമെങ്കിൽ

കുറയ്ക്കുക ദുഷ്പ്രവൃത്തികൾ

കൂട്ടുക സൽപ്രവൃത്തികൾ

രണ്ടുവട്ടമായി നമ്മെ കൊല്ലുന്ന പ്രളയം

രക്ഷിക്കാനായി മത്സ്യത്തൊഴിലാളികളും

സ്വന്തം ചുമലിനെ കാണിച്ചുകൊടുക്കുന്നവർ

അവർ നല്ലവരായവർ

ഇന്നേരത്തുപോലും രാഷ്ട്രീയ പോര് നടത്തുന്ന



രാഷ്ട്രീയക്കാരുമുണ്ടിവിടെ

കവളപ്പാറയും പുത്തുമലയും

തോരാക്കെട്ടുതിയായി

ഉരുൾപ്പൊട്ടലിൽ

അകപ്പെട്ടുപോയി

മർത്ത്യൻ ഉടുതുണിയില്ലാതലഞ്ഞു

പ്രളയത്തിൽ ഒലിച്ചുപോയവർക്കായി

നമുക്ക് പ്രാർത്ഥിക്കാം

## അന്ത്യബാഷ്പ്ങ്ങളർപ്പിക്കാം

# നന്ദി......